ശ്രീ. എൻ. കുഞ്ഞുരാമൻ : മദ്രാസിൽ ഈടാക്കുന്നുണ്ടെന്നാണ് തോന്നുന്നത്.

Sri. P. Balakrishnan Tampi: May I know from the Hon'ble Minister whether these schools are free?

Sri. N. Kunjuraman: No.

ശ്രീ. ഇട്ടേരിരാമംപുക്കൻ : മദ്രാസിൽ ഇങ്ങനെയുള്ള ഒരു നിയമം ഇല്ലെന്നു അറിയാമോ?

Mr. Speaker: That is supplying information.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ഈ നികുതിയിൽനിന്നും ഒഴിവാക്കണമെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഉണ്ട്.

ശ്രീ. ഈപ്പൻ അറയ്ക്കൽ : അതിന്മേൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ. എൻ. കുഞ്ഞുരാമൻ : നടപടി എടുക്കുന്നുണ്ട്.

കുടിൽവ്യവസായ കമ്മിറ്റി

* ൭൩൪ (നം ൪) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കുടിൽ വ്യവസായത്തെ പുരോഗമിപ്പിക്കുന്നതിനായി ഏർപ്പെടുത്തപ്പെട്ട കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്?

(ബി) എന്നാണ് ഈ കമ്മിറ്റി രൂപീകരിച്ചത്?

(സി) ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിനു നാളിതുവരെ ആകെ എത്ര സംഖ്യ ചിലവു ചെയ്തിട്ടുണ്ട്?

(ഡി) ഈ കമ്മിറ്റി ഈ വിഷയത്തിൽ ഇതുവരെ എന്തൊക്കെയാണ് ചെയ്തിട്ടുള്ളത്?

(ഇ) ഏതെല്ലാം കുടിൽ വ്യവസായങ്ങളാണ് ഇവിടെ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്?

(എഫ്) കമ്മിറ്റിയുടെ അവസാന റിപ്പോർട്ട് ഗവർമ്മെണ്ടിലേയ്ക്ക് സമർപ്പിക്കയുണ്ടായോ?

(ജി) ഇല്ലെങ്കിൽ എന്നേക്ക് ഇതു സമർപ്പിക്കപ്പെടും?

വ്യവസായവും, ഏക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : എ. യുടെ ഉത്തരം പലതവണയും പറഞ്ഞിട്ടുണ്ട്.

(ബി) വ—ന — ൪ ൦—ൽ.

(സി) ഒക്ടോബർ ൟ—ാം തീയ്യതി വരെചിലവ് ൭,൯൭ ൟ രൂപ.

(ഡി) വളരെ വിശദമായ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഇ) ആ കാര്യത്തിൽ കമ്മിറ്റിയുടെ ഉപദേശം ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

(എഫ്) Interim report സമർപ്പിക്കുകയുണ്ടായി.

(ജി) ഈ കാര്യം ഇപ്പോൾ ഗവർമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ : Interim report ലെ പ്രധാന സംഗതികൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിന്റെ ഓരോ പ്രതി മെമ്പറന്മാക്ക് തരുവാൻ എഴുപ്പാടചെയ്തിട്ടുണ്ട്.

ശ്രീ. മാന്നാർ ഗോപാലൻനായർ : ശ്രീ. വി. അച്യുതമേനോൻ അവർകൾ സ്വന്തനിലയിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനും അദ്ദേഹത്തിനും അവകാശമില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ : അദ്ദേഹം ഈ കമ്മിറ്റിയിൽനിന്നും രാജി വയ്ക്കുന്നതിനു മുൻപ് ഇതിനെപ്പറ്റി എന്തെങ്കിലും ഒരു സ്റ്റീം എഴുതി അയച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിഞ്ഞുകൂടാ.

റോഡിന്റെ അരക്ഷിതാവസ്ഥ

* ൭൨൪ (൯൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം താലൂക്കിൽ കടവൂർ-കുണ്ടറ റോഡിന്റെ അതിശോചനീയമായ അരക്ഷിതാവസ്ഥയെപ്പറ്റി ഗവണ്മെണ്ടിനു അറിവു ലഭിച്ചിട്ടുണ്ടോ?

(ബി) ഇതു സംബന്ധിച്ചു സത്വരനടപടികൾ സ്വീകരിക്കാൻ ഗവണ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) :

(എ) ഉണ്ട്.

(ബി) സത്വര നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളതു?

Sri. E. John Philipose : It was an ordinary unmetalled village road and unless it is metalled, it canot be considered to have been improved, but at present Government thought that certain culverts could be improved and are therefore taking up the works connected with those culverts.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : കലുംകുകൾ നന്നാക്കാൻ എഴുപ്പാടചെയ്തിട്ടുണ്ടോ?

Sri. E. John Philipose : That is what I said, Active steps are being taken.

ശ്രീ. ആർ. ശങ്കർ : ഒരു കൊല്ലത്തിലധികമായി പൊളിഞ്ഞു കിടക്കുന്ന ഒരു കലുംകു ഇതുവരെ നന്നാക്കിയില്ലെന്നു അറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെങ്കിൽ അതു ഉടൻതന്നെ ചെയ്യാവുന്നതാണു.

ശ്രീ. ആർ. ശങ്കർ : അതു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺഫിലിപ്പോസ് : അതു പ്രത്യേക ചോദ്യമായിട്ടു ചോദിച്ചാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly